**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5419      31.10.2016 - ൽ മറുപടിയ്ക്ക്

**<u>വയോമിത്രം പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോമിത്രം പദ്ധതി ത്രിതല പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; | (എ) | തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം സാധിക്കുമോ; | (ബി) യും (സി) യും | വയോമിത്രം പദ്ധതി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി പ്രദേശത്ത് മാത്രമാണ് നടപ്പാക്കാൻ 2011-ൽ ഉത്തരവായിരുന്നത്. ടി പദ്ധതി 2014 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്നു. 6.5.2013 ലെ സ.ഉ.(സാധാ)നം.1209/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കി വരുന്നു. ടി പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ 44 നഗരസഭകളിൽ പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി എല്ലാ മുൻസിപ്പാലിറ്റിയിലും ആരംഭിക്കുന്നതിന് വേണ്ട നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നു. ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന തരത്തിൽ തുക ലഭ്യമാക്കുന്ന ബ്ലോക്ക്/പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഈ സാങ്കേതിക തടസ്സം മറികടന്ന് ത്രിതല പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**